സ്റ്റാഫ്—1,03,000 (ഒരു ലക്ഷത്തി മൂവായിരം രൂപ)
മാനേജർ വിഭാഗം—74,000 (എഴുപത്തി നാലായിരം രൂപ)

ചെറുകിട വ്യവസായ യൂണിറ്റുകൾ

254 [277] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത പ്രവർത്തനം തുടങ്ങിയ ചെറുകിടവ്യവസായ യൂണിറ്റുകൾ എത്ര;

(ബി) ചെറുകിട വ്യവസായ യൂണിറ്റുകളിൽ 'പീഡിതം' എന്നു പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളവ എത്ര;

(സി) ചെറുകിടവ്യവസായ യൂണിറ്റുകളിൽ പ്രവർത്തനം പൂർണ്ണമായി നിലച്ചവ എത്ര?

ഉത്തരം

(എ) 35,404

(ബി, സി) ചെറുകിട വ്യവസായ യൂണിറ്റുകളിൽ പൂർണ്ണമായി നിലച്ചവ 6001 എണ്ണവും, പീഡിതം മാത്രമായത് 1762 ഉം അടക്കം രണ്ടിനങ്ങളിലുംകൂടി ഉൾപ്പെടുന്നത് മൊത്തം 7762 യൂണിറ്റുകളാണ്.

കശുവണ്ടി ഫാക്ടറികൾ സഹകരണാടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതിനുള്ള നടപടി

255 [280] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ സീസണിൽ അടച്ചിട്ടിരുന്ന കശുവണ്ടി ഫാക്ടറികളിൽ ഏതെങ്കിലും സഹകരണാടിസ്ഥാനത്തിൽ ഏറ്റെടുത്തു പ്രവർത്തനം നടത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര;

(സി) ഇതുവരെയായി എത്ര സംഘങ്ങൾ രൂപീകരിച്ചു എന്നും അവ ഏതിടത്തെയെല്ലാമാണെന്നും എത്ര ഫാക്ടറികൾ നടത്തുന്നുണ്ടെന്നും, വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഒൻപതു സംഘങ്ങൾ രൂപീകരിച്ചു. താഴെ പറയുന്ന സ്ഥലങ്ങളിലാണ്.

1. നാവായിക്കുളം
2. ചാത്തന്നൂർ
3. ചെമ്മനാട്
4. ചാത്തിനംകുളം
5. പെരിനാട്
6. കിളിക്കൊല്ലൂർ

LIBRARY ARCHIVES Kerala Legislative Assembly

7. ഇരവിപുരം
8. പെരുമ്പുഴ
9. പത്തിയൂർ.

ഇവയിൽ പത്തിയൂരിലെ ഫാക്ടറി ഒഴിച്ച് മറ്റുള്ളവയെല്ലാം നടത്തി വരുന്നു. പെരുംപുഴയിൽ പ്രൈമറി സംഘം രൂപീകരിച്ചുവെങ്കിലും കാപ്പെക്സ് നേരിട്ടാണ് ഫാക്ടറി നടത്തുന്നത്.

പത്തിയൂരിൽ പ്രൈമറി സംഘം രൂപീകരിച്ചുവെങ്കിലും ഫാക്ടറി പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഈ സീസണിൽതന്നെ പ്രവർത്തനം ആരംഭിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

കയർ സഹകരണസംഘങ്ങൾ

256 [281] ശ്രീ. സി. കെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര കയർ സഹകരണസംഘങ്ങൾ നിലവിലുണ്ട്;

(ബി) നിലവിലുള്ള സംഘങ്ങളിൽ ആകെ എത്ര തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർ സഹകരണ സംഘങ്ങൾ പുതിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 639
(ബി) 2,51,589
(സി) ഉണ്ട്.
(ഡി) 138 എണ്ണം.

യൂക്കാലിച്ചെടികൾ നട്ടുവളർത്തുന്നതു സംബന്ധിച്ച്

257 [282] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി നട്ടുവളർത്തുന്ന യൂക്കാലിതൈകൾ മണ്ണിന്റെ ജൈവാംശം മാത്രമല്ല ഭൂഗർഭജല സമ്പത്തുവരെ വലിച്ചെടുക്കുന്നുവെന്ന് അറിയുന്നതു ശരിയാണോ;

(ബി) ആണെങ്കിൽ അത്തരം മരങ്ങൾ വച്ചുപിടിപ്പിക്കാതിരിക്കാൻ നടപടി എടുക്കുമോ?

ഉത്തരം

(എ, ബി) യൂക്കാലിവൃക്ഷങ്ങൾ മണ്ണിന്റെ ജൈവാംശം നഷ്ടപ്പെടുത്തുന്നു എന്നും, അമിതമായി ഭൂഗർഭജലം വലിച്ചെടുക്കുന്നു എന്നും ആക്ഷേപം നിലവിലുണ്ട്. എന്നാൽ ഇതു ശാസ്ത്രീയമായി

LIBRARY ARCHIVES Kerala Legislative Assembly